ഉത്തരം

(എ) അഞ്ചുമാസത്തിനകം 1975-ലെ പട്ടികവർഗ്ഗ ഭൂനിയമം നടപ്പിലാക്കുന്നതിനും, 1999 ലെ പുതിയ നിയമത്തിലെ 5,6,7 വകുപ്പുകൾ സ്റ്റേ ചെയ്തുകൊണ്ടും ഹൈക്കോടതി രണ്ട് വിധികൾ പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു.

(ബി) വിധിയുടെ പകർപ്പുകൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.†

(സി) ഉണ്ട്.

(ഡി) പുതിയ നിയമത്തിലെ 5,6,7 വകുപ്പുകൾ സ്റ്റേ ചെയ്തുകൊണ്ടുള്ള ഹൈക്കോടതിയുടെ 11/10/99 ലെ വിധി സ്റ്റേ ചെയ്തുകൊണ്ടുള്ള സുപ്രീം കോടതിയുടെ ഉത്തരവിന്റെയും 16/12/99 ലെ ഹൈക്കോടതി ഉത്തരവ് സ്റ്റേ ചെയ്തിട്ടുണ്ടെന്ന് അറിയിച്ചുകൊണ്ടുള്ള അഡ്വക്കേറ്റ് ജനറലിന്റെ സന്ദേശത്തിന്റെ പകർപ്പും അനുബന്ധം രണ്ടായി ചേർത്തിട്ടുണ്ട്.†

(ഇ) പുതിയ നിയമത്തിലെ 5,6,7 വകുപ്പുകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പുതിയ താലൂക്കുകൾ രൂപീകരിക്കാൻ നടപടി

**53 (1398)**ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് പുതുതായി താലൂക്കുകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പുതിയ താലൂക്കുകൾ ഏതൊക്കെയായിരിക്കും എന്ന് വിശദീകരിക്കുമോ;

(സി) പുതിയ താലൂക്കുകൾ പരിഗണിക്കുമ്പോൾ ഹോസ്ദുർഗ്ഗ് താലൂക്ക് വിഭജിച്ച് മലയോര താലൂക്ക് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ)-(സി) റവന്യൂ യൂണിറ്റുകൾ പുനഃസംഘടിപ്പിക്കുന്ന കാര്യത്തിൽ നിയോഗിച്ച കമ്മീഷനുകൾ സമർപ്പിച്ച റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനമെടുത്തിട്ടില്ല.

സെൻസസ് പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നതിനാൽ 2001 മാർച്ചു വരെ അതിർത്തി വ്യതിയാനങ്ങൾ പാടില്ലെന്ന് സെൻസസ് ഡയറക്ടർ ജനറൽ നിർദ്ദേശിച്ചിരിക്കുന്നതുകൊണ്ട് ഇക്കാര്യത്തിൽ ഉടനെ തീരുമാനമെടുക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

## റവന്യൂ കാർഡ് വിതരണം

**54 (1399)**ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

---

† അനുബന്ധം II ക്ഷ II A

†

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് റവന്യൂ കാർഡ് വിതരണം ഏതെല്ലാം ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും, എത്ര കാർഡുകൾ വിതരണം ചെയ്തിട്ടുണ്ടെന്നും വിശദമാക്കുമോ?

(ബി) അവശേഷിക്കുന്ന ജില്ലകളിലെ വിതരണം കൂടി പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് റവന്യൂ കാർഡ് വിതരണത്തിന്റെ ആദ്യഘട്ടമായി എറണാകുളം ജില്ലയിൽ, പറവൂർ താലൂക്കിൽ റവന്യൂ കാർഡ് വിതരണം ആരംഭിക്കുകയും '4000' കാർഡുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് എല്ലാ കുടുംബങ്ങൾക്കും റവന്യൂകാർഡ് വിതരണം ചെയ്യുന്നതിനായി ജില്ല/താലൂക്ക്/വില്ലേജ് കോഡ് നമ്പരുകൾ തയ്യാറാക്കാൻ എല്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. റവന്യൂ കാർഡ് വിതരണം സംബന്ധിച്ച വിശദമായ സർക്കുലർ തയ്യാറാക്കി വരുന്നു.

**തഹസീൽദാരായി പ്രൊമോഷൻ നേടിയവർ**

**55 (1400)**ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) റവന്യൂ വകുപ്പിൽ 1999 ഡിസംബറിൽ തഹസീൽദാർമാരായി എത്രപേർക്ക് പ്രമോഷൻ നൽകിയിട്ടുണ്ട്;

(ബി) ഡി.പി.സി. കൂടിയാണോ ഈ ലിസ്റ്റ് അംഗീകരിച്ചത്;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഇതിന് എതിരെ പരാതി എന്തെങ്കിലും കോടതിയിൽ പോയിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന്റെ തീരുമാനം എന്താണ് എന്ന് വ്യക്തമാക്കുമോ;

(എഫ്)ടെസ്റ്റ് പാസ്സായവരെ പാസ്സാകാത്തവരായി കണക്കാക്കി പ്രമോഷൻ നിഷേധിച്ചതായി പരാതി വന്നിട്ടുണ്ടോ;

(ജി) എങ്കിൽ ഇങ്ങനെ വന്നിട്ടുള്ള തെറ്റുകൾ തിരുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 185 പേർക്ക് 1999 ഡിസംബറിൽ തഹസിൽദാർമാരായി പ്രമോഷൻ നൽകിയിട്ടുണ്ട്.

(ബി) അല്ല.

(സി) 1998-മേയ് മാസം മുതൽ തഹസീൽദാർമാരുടെ നിരവധി തസ്തികകൾ ഒഴിഞ്ഞു കിടന്നിരുന്നതിനാൽ ഭരണപരമായ ബുദ്ധിമുട്ടുകൾ നേരിടുന്നതിനാലും, ഡി.പി.സി.കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കാൻ കാലതാമസം വേണ്ടിവരുമെന്നതിനാലും ഒ.പി.നമ്പർ 22276/98 ലെ 14.9.99 ലെ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ താൽക്കാലിക

LIBRARY ARCHIVES Kerala Legislative Assembly